# സ്നേഹത്തോടെ മലർവാടിക്ക്...



പ്രിയ മലർവാടീ,

ജൂൺ ലക്കത്തിലെ 'മധുരം മലയാളം' എന്ന പംക്തിയിൽ റവ ജോർജ് മാത്യു പുതുപള്ളി മലയാളത്തിലെ അനശ്വരനായ എഴുത്തുകാരൻ എസ്.കെ പൊറ്റക്കാടിനെക്കുറിച്ച് എഴുതിയത് എനിക്ക് ഒത്തിരി ഉപകാരപ്പെട്ടു. അദ്ദേഹത്തെപ്പറ്റി അറിയാൻ സഹായിച്ച മലർവാടിക്ക് ഒരായിരം നന്ദി...

നീതു കെ, ക്ലാസ്- 9
ജി.എച്ച്.എസ്.എസ്, കുറ്റ്യാടി

പ്രിയ മലർവാടീ,

ജൂലൈ ലക്കത്തിലെ 'ഫേസ്ബുക്ക് നല്ല ചങ്ങാതിയോ' എന്ന ലേഖനം വളരെ ചിന്താദായകമായിരുന്നു. ഇന്ന് എളുപ്പത്തിൽ ആശയവിനിമയം നടത്താനും പ്രതികരിക്കാനും സാമൂഹ്യ മാധ്യമങ്ങളായ ഫേസ്ബുക്കും, വാട്ട്സ്ആപും വഴി കഴിയുന്നു.

എന്നാൽ കുട്ടികൾക്കും കൗമാരക്കാർക്കും ഇവയുടെ ഉപയോഗത്തിന് ഒരു പരിധി ആവശ്യമാണ്. കാരണം പലരും ഇത്തരം ഉപകരണങ്ങൾ ഉപയോഗിച്ച് ചതിക്കുഴിയിൽ വീണ വാർത്തകൾ നിരന്തരം വന്നുകൊണ്ടിരിക്കുന്നു. ഏതൊരു ഉപകരണമായാലും അത് ഉപയോഗിക്കുന്ന രീതിയെ ആശ്രയിച്ചാണ് അവയുടെ ഗുണവും ദോഷവും.

റോഷ്ന ടി, ക്ലാസ്- 6
എൻ.എസ്.എസ് ഇ.എം സ്കൂൾ
അലനല്ലൂർ




പ്രിയ മലർവാടി,

അന്താരാഷ്ട്ര മണ്ണ് വർഷം വായിച്ചപ്പോൾ എനിക്ക് ദുഃഖം വന്നു. എന്തു കൊണ്ടാണ് മനുഷ്യർ നമ്മുടെ മണ്ണ് വൃത്തികേടാക്കുന്നത്. ഒരു പിടി മണ്ണിൽ കോടാനുകോടി ബാക്ടീരിയകൾ, ആൽഗകൾ, ഫംഗസുകൾ, മണ്ണിരകൾ, പ്രോട്ടോസോവകൾ എന്നിവയെല്ലാം അടങ്ങിയ ജീവലോകമുണ്ട്. ഇനി ഞാൻ

എല്ലാ മാസവും ഒരു മരം വളർത്തുകയും മണ്ണ് വൃത്തികേടാക്കാതിരിക്കുകയും ചെയ്യും.

അംന മൻസൂർ, ക്ലാസ്- 5
ഭാരതീയ വിദ്യഭവൻ ചേവായൂർ

പ്രിയ മലർവാടി
മാർച്ച് ലക്കത്തിലെ 'കാർണിവൽ' എന്ന കഥ വായിച്ചപ്പോൾ സങ്കടം വന്നു. ടീച്ചറുടെയും വിദ്യാർത്ഥികളുടെയും സ്നേഹം എന്നെ ആകർഷിച്ചു. ഇത് പോലെ നല്ല കൂട്ടുകാർ നമുക്കുണ്ടെങ്കിൽ എത്ര സങ്കടവും സന്തോഷമാക്കാൻ കഴിയുമെന്ന് എനിക്ക് മനസ്സിലായി.

ശ്യാമില കെ. യാസിഫ്
ഇർഷാദിയ ഇംഗ്ലീഷ് സ്കൂൾ
കൊളത്തൂർ

പ്രിയപ്പെട്ട മലർവാടിക്ക്,
സെപ്റ്റംബർ ലക്കം മലർവാടിയിൽ 'എ.പി.ജെ അബ്ദുൽ കലാമിന്റെ വിയോഗം' എന്ന ലേഖനം എന്നെ വല്ലാതെ സ്പർശിച്ചു. തമിഴ്നാട്ടിലെ രാമേശ്വരത്ത് ദരിദ്ര കുടുംബത്തിൽ ജനിച്ചു വളർന്ന അദ്ദേഹം പത്രം വിറ്റും പുളിങ്കുരു വിറ്റുമാണ് പഠനത്തിന് പണം കണ്ടെത്തിയിരുന്നത്.

ഇന്ത്യൻ രാഷ്ട്രപതിയായിരുന്ന അദ്ദേഹം മേഘാലയിലെ ഷില്ലോങ്ങിൽ വെച്ചാണ് മരിച്ചത്. അത് അറിഞ്ഞപ്പോൾ ഞാൻ സ്തംഭിച്ചു. ഒരാൾക്ക് നാളെ എന്ത് സംഭവിക്കുന്നുമെന്നും എവിടെ വെച്ച് എങ്ങനെ മരിക്കുമെന്നും ആർക്കും അറിയില്ല എന്ന ഖുർആൻ സൂക്തം എത്ര പ്രസക്തം.

സൽവ വി., ക്ലാസ്- 5
ജി.വി.എച്ച്.എസ്.എസ്, മങ്കട



## മികച്ച കത്ത്

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **റോഷ്ന ടി.** ആണ്. കത്തെഴുതിയ കൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.

പ്രിയ മലർവാടി,
സെപ്റ്റംബർ ലക്കത്തിലെ സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകൾ' എന്ന ലേഖനം വളരെ ഇഷ്ടപ്പെട്ടു. ചെറിയ കുട്ടികൾ പോലും സോഷ്യൽ മീഡിയകൾ ഇപ്പോൾ ഉപയോഗിക്കുന്നു. ഇത്തരം സോഷ്യൽ മീഡിയകളുടെ ഉപയോഗം കൂടിപ്പോയാൽ അത് രോഗം പോലെയാകും.

അത് നമ്മൾ വസിക്കുന്ന ഭൂമിയോടും പ്രകൃതിയോടും ബന്ധമില്ലാതാക്കും. ദൈനം ദിന കാര്യങ്ങളിൽ ശ്രദ്ധയില്ലാതെ ആരും സോഷ്യൽ മീഡിയകൾക്ക് അടിമപ്പെട്ടു പോവാതിരിക്കട്ടെ

സ്വബാഹ നസ്റിൻ, ക്ലാസ്- 7
ജി.യു.പി.എസ് രണ്ടത്താണി